**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5410** | **21-07-2022 - ൽ മറുപടിയ്ക്ക്**

**കായികതാരങ്ങൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ വി ശശി | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഒളിമ്പിക്സ് ഉൾപ്പെടെയുള്ള അന്താരാഷ്ട്ര മത്സരങ്ങളിൽ മെഡൽ നേടുകയെന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാനത്തെ കായികതാരങ്ങൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | **കായിക താരങ്ങളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി അവർക്ക് വിദഗ്ധ പരിശീലനം നൽകി ഒളിമ്പിക്സ് പോലെയുള്ള രാജ്യാന്തരാ മത്സരങ്ങളിൽ പങ്കെടുത്ത് മെഡൽ നേടുന്നതിന് പ്രാപ്തമാക്കുക എന്ന ലക്ഷ്യത്തോടെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.**<br><br>**<u>എലൈറ്റ് സ്കീം</u>**<br><br>**പ്രസ്തുത സ്കീമിൽ അത്‌ലറ്റിക്സ്, ബാസ്കറ്റ് ബോൾ, ഫുട്ബോൾ, വോളിബോൾ എന്നീ കായിക ഇനങ്ങളിൽ മികച്ച കായികതാരങ്ങളെ കണ്ടെത്തി പരിശീലനം നൽകി വരുന്നു.**<br><br>**<u>അത്‌ലറ്റിക്സ് -എലൈറ്റ് അത്‌ലറ്റിക്സ് ട്രെയിനിംഗ് സെന്ററുകൾ</u>**<br><br>**കേരളത്തിലെ മികച്ച പ്രതിഭയുള്ള അത്‌ലറ്റുകളെ കണ്ടെത്തി അവരെ ഏഷ്യൻ/കോമൺവെൽത്ത് ഒളിമ്പിക്സ് എന്നീ രാജ്യാന്തര മത്സരങ്ങളിൽ മെഡൽ സാധ്യത ഉറപ്പാക്കുന്ന രീതിയിൽ വളർത്തിയെടുക്കുക എന്നതാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കായികതാരങ്ങളെ തെരഞ്ഞെടുത്ത് കാര്യവട്ടം എൽ.എൻ.സി.പി.ഇ പരിശീലന സെന്ററിൽ പരിശീലനം നൽകി വരുന്നു. അന്തർദേശീയ നിലവാരത്തിലുള്ള കായിക സൗകര്യങ്ങളും, പരിശീലനവും മറ്റ് ഉന്നത നിലവാരത്തിലുള്ള അനുബന്ധ സൗകര്യങ്ങളും പ്രസ്തുത പദ്ധതിയിൽ കായിക താരങ്ങൾക്ക് ലഭ്യമാക്കി വരുന്നുണ്ട്.**<br><br>**<u>വോളിബോൾ -ഹൈ പെർഫോമൻസ് ട്രെയിനിംഗ് സെന്റർ</u>** |

കേരളത്തിലെ ഏറ്റവും മികച്ച പ്രതിഭയുള്ള വോളീബോൾ താരങ്ങളെ കണ്ടെത്തി അവരെ ഏഷ്യൻ/കോമൺവെൽത്ത്/ഒളിമ്പിക് എന്നീ രാജ്യാന്തര മത്സരങ്ങളിൽ മെഡൽ സാധ്യത ഉയർത്തുന്ന രീതിയിൽ വളർത്തി എടുക്കുക എന്നതാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനത്തിന്റെ ഭാഗമായി തൃശ്ശൂർ ജില്ലയിലെ തൃപ്രയാർ ഇൻഡോർ സ്റ്റേഡിയത്തിൽ ഒരു വോളീബോൾ അക്കാഡമി സ്ഥാപിച്ച് കായിക താരങ്ങളെ തിരഞ്ഞെടുത്ത് മികച്ച രീതിയിലുള്ള പരിശീലനം നൽകി വരുന്നുണ്ട്.

<u>ബാസ്കറ്റ് ബോൾ</u>

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്ന എലൈറ്റ് സ്കീമിൽ ഉൾപ്പെട്ട ബാസ്കറ്റ് ബോൾ പരിശീലനം കണ്ണൂർ മുണ്ടയാട് ഇൻഡോർ സ്റ്റേഡിയത്തിൽ നടത്തി വരുന്നു. തിരഞ്ഞെടുത്ത കായിക താരങ്ങൾക്ക് മികച്ച രീതിയിലുള്ള പരിശീലനം നൽകി വരുന്നു.

<u>ഫുട്ബോൾ</u>

എലൈറ്റ് സ്കീമിലെ ഫുട്ബോൾ കളിയിനം എറണാകുളം പനമ്പിള്ളി നഗർ സ്റ്റേഡിയത്തിൽ പ്രവർത്തിച്ച് വരുന്നു. തെരഞ്ഞെടുത്ത കായിക താരങ്ങൾക്ക് മികച്ച പരിശീലനം നൽകി വരുന്നുണ്ട്.

<u>ഓപ്പറേഷൻ ഒളിമ്പ്യ</u>

2024 ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണിത്. പ്രസ്തുത പദ്ധതിയിൽ ബോക്സിംഗ്, ബാഡ്മിന്റൺ, റോവിംഗ്, ഫെൻസിംഗ്, എന്നീ കായിക ഇനങ്ങളിൽ പരിശീലനം നൽകി വരുന്നുണ്ട്.

ദേശീയ, അന്തർദേശീയ തലങ്ങളിൽ മികവ് പുലർത്തിയ കായിക താരങ്ങൾക്ക് തുടർ പരിശീലനത്തിനുള്ള സാമ്പത്തിക സഹായവും എ.പി.ജെ അബ്ദുൾ കലാം സ്കോളർഷിപ്പ് പദ്ധതിയിലുൾപ്പെടുത്തി അനുവദിച്ച് വരുന്നുണ്ട്.

കൂടാതെ ജി.വി.രാജാ സ്പോർട്സ് സ്കൂളിൽ സിന്തറ്റിക് ട്രാക്ക്, ഫുട്ബോൾ & ഹോക്കി ടർഫ് എന്നിവ ഒളിമ്പിക്സ് ഉൾപ്പെടെയുള്ള അന്താരാഷ്ട്ര മത്സരങ്ങളിൽ മെഡൽ നേടുകയെന്ന ലക്ഷ്യം മുൻനിർത്തി നിർമ്മിച്ചിട്ടുള്ളവയാണ്.

| | | | |
|---|---|---|---|
| (ബി) | പരിശീലന സൗകര്യങ്ങളുടെ അടിസ്ഥാനസൗകര്യം വികസിപ്പിച്ച് അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | **കായികതാരങ്ങൾക്ക് പരിശീലനം നടത്തുന്നതിനും മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് സജ്ജരാക്കുന്നതിലേയ്ക്കുമായി സിന്തറ്റിക് ട്രാക്കുൾപ്പെടെ അന്തർദേശീയ നിലവാരത്തിലുള്ള സ്റ്റേഡിയങ്ങൾ, സ്വിമ്മിംഗ് പൂളുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യ വികസനം നടപ്പിലാക്കി വരുന്നുണ്ട്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള അന്താരാഷ്ട്ര നിലവാരത്തിൽ തിരുവനന്തപുരത്ത് പിരപ്പൻകോട് അന്താരാഷ്ട്ര നീന്തൽക്കുളവും എറണാകുളത്ത് പനമ്പിള്ളി നഗർ സ്പോർട്സ് കോംപ്ലക്സും കൊല്ലത്ത് ഹോക്കി സ്റ്റേഡിയവും പ്രവർത്തിച്ചു വരുന്നു.**<br><br>**മികച്ച കോച്ചിംഗ് സൗകര്യവും അടിസ്ഥാന സൗകര്യ വികസനത്തിനായി പരിശീലന ഉപകരണങ്ങളുടെ ആധുനികവത്കരണവും ഇതോടൊപ്പം ഏർപ്പെടുത്തി വരുന്നു.** |
| (സി) | കായികതാരങ്ങൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലകരുടെ സേവനം ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (സി) | **അന്താരാഷ്ട്ര നിലവാരത്തിൽ പരിശീലനം നൽകുന്നതിന് പ്രാപ്തരായ പരിശീലകർ സേവനമനുഷ്ഠിച്ചുവരുന്നു. പ്രസ്തുത പരിശീലകരുടെ കീഴിൽ എലൈറ്റ്, ഓപ്പറേഷൻ ഒളിമ്പ്യ എന്നീ പദ്ധതികളിലെ കായികതാരങ്ങൾക്കും ജില്ലാ/സ്കൂൾ/ കോളേജ് അക്കാഡമികളും വിവിധ സ്റ്റേഡിയം, സ്വിമ്മിംഗ് പൂൾ, ഇൻഡോർ കോർട്ട്, ജിംനേഷ്യം തുടങ്ങിയ പരിശീലന കേന്ദ്രങ്ങളിലെ കായികതാരങ്ങൾക്കും പരിശീലനം നൽകി വരുന്നുണ്ട്.**<br><br>**ഖേലോ ഇന്ത്യ പദ്ധതിയിലുൾപ്പെടുത്തി മികച്ച കോച്ചുമാരെ ജി.വി.രാജാ സ്പോർട്സ് സ്കൂളിൽ നിയമിച്ചിട്ടുണ്ട്.** |
| (ഡി) | കായിക മത്സരങ്ങളുടെ സമ്മർദ്ദം മൂലം താരങ്ങൾക്കുണ്ടാകുന്ന മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ഡി) | **കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള ജില്ലാ/കോളേജ് സ്പോർട്സ് അക്കാഡമികളിലെ കായികതാരങ്ങൾക്ക് മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനും ടി കായികതാരങ്ങൾക്ക് മാനസിക പിന്തുണ നൽകുന്നതിനായും കൗൺസിലിംഗ് നൽകുന്നത് സംബന്ധിച്ച വിഷയം പരിഗണനയിലാണ്. കുട്ടികളിൽ മാനസിക സമ്മർദ്ദം ലഘൂകരിക്കുന്നതിന് കോച്ചുമാർക്ക് വിദഗ്ധ പരിശീലനം നൽകി വരുന്നുണ്ട്.** |

സെക്ഷൻ ഓഫീസർ